





# സ്നേഹപ്രവാഹം

Sneha Pravaham Musical Concert

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ ശിൽപ്പിയായ പ.വട്ടശ്ശേരിൽ തിരുമേനി മലങ്കര സഭയുടെ നിലനിൽപ്പിനായി പോരാടിയ പരിശുദ്ധ പിതാവാണ്. അചഞ്ചലമായ പ്രാർത്ഥനാ ജീവിതവും ശത്രുക്കൾക്കു നേരെയുള്ള വിട്ടുവീഴ്ച്ചയില്ലാത്ത സമരവും ആ പരിശുദ്ധ പിതാവിനെ മലങ്കര മക്കളുടെ ധീര പുത്രനും ആശാകേന്ദ്രവുമാക്കി. ആ പുണ്യപിതാവിന്റെ നാമത്തിൽ മദ്ധ്യസ്ഥതയർപ്പിക്കുന്നവർക്ക് ലഭിക്കുന്ന അനുഗ്രഹങ്ങൾ അദ്ദേഹത്തിന്റെ കീർത്തിയും പരിശുദ്ധ ജീവിതത്തിന്റെ ലാളിത്യവും ജനഹൃദയങ്ങളിലേക്ക് കൂടുതൽ എത്തിച്ചേരുവാൻ ഇടയാക്കുന്നു. തന്റെ ഗുരുനാഥനായ പ. പരുമല തിരുമേനിയുടെ ജീവിതത്തിൽനിന്നും അടർത്തിയെടുത്ത പാഠങ്ങളും അനുഭവങ്ങളും തന്റെ ജീവിതത്തിലും പ്രാവർത്തികമാക്കി ദൈവത്തിനായും പരിശുദ്ധ സഭയ്ക്കായും തന്റെ ജീവിതത്തെ സമർപ്പിച്ചു.

മലങ്കര ഓർത്തഡോക്സ് സഭയിൽ ആ പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിക്കുന്ന ആദ്യ പ്രഖ്യാപിത ദേവാലയം, യു എ ഇയിലെ അലൈൻ സർക്കാരിന്റെ ദാനമായി ലഭിച്ച സ്ഥലത്ത് 2012 ൽ പണി ആരംഭിച്ചപ്പോൾതന്നെ ഭക്തർ ഒഴുകിയെത്തുന്ന പുണ്യഭൂമിയായി മാറിക്കഴിഞ്ഞു. ഈ ദേവാലയം എത്രയും വേഗം പണിപൂർത്തീകരിച്ച് കൂദാശ ചെയ്ത് പ്രവാസികളായ മലങ്കരമക്കളുടെ ആശ്രയകേന്ദ്രമായി തീരുവാൻ തക്കവണ്ണം അതിനെ സഭയ്ക്ക് സമർപ്പിക്കുക എന്നത് ഒരോസഭാ മക്കളുടെ കടമയാണ്.

2013 സെപ്റ്റംബറിൽ കൂദാശ ചെയ്യുവാൻ ആഗ്രഹിക്കുന്ന ഈ ദേവാലയത്തിന്റെ നിർമ്മാണ പൂർത്തീകരണത്തിന് ഇനിയും നല്ല ഒരു തുക ആവശ്യമാണ്. ദേവാലയ നിർമ്മാണത്തിന് യു എ ഇയിലുള്ള എല്ലാ വിശ്വാസികളേയും പങ്കാളികളാക്കുക എന്ന ലക്ഷ്യത്തോടെ **യുവജന പ്രസ്ഥാനം യു എ ഇ സോണിന്റെ ആഭിമുഖ്യത്തിൽ 'സ്നേഹ പ്രവാഹം"** എന്ന പേരിൽ ഒരു സംഗീതപരിപാടി ദുബായ് ഷെയ്ഖ് റാഷിദ് ഓഡിറ്റോറിയത്തിൽ വച്ച് 2013 ജൂൺ 29ന് നടത്തപ്പെടുന്നു. ചലച്ചിത്ര പിന്നണി ഗായകനായ **വിജയ് യേശുദാസ്**, ശാസ്ത്രീയ സംഗീതജ്ഞൻ റവ. ഫാ. **ഡോ. എം. പി. ജോർജ്** എന്നിവർ നയിക്കുന്ന ഈ പ്രോഗ്രാമിന്റെ ടിക്കറ്റുകൾ, സ്പോൺസർഷിപ്പ്, സംഭാവന എന്നിവയിൽ ഏതെങ്കിലും ഒന്നു നൽകി ദേവാലയ നിർമ്മാണത്തിൽ പങ്കാളികളാകാൻ താങ്കളേയും കുടുംബത്തേയും ക്ഷണിക്കുന്നു.

***പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ മദ്ധ്യസ്ഥത നമുക്കേവർക്കും കാവലും കോട്ടയും ആയിരിക്കട്ടെ.***

ORTHODOX CHRISTIAN YOUTH MOVEMENT-UAE ZONE